യവും നൽകുന്നു. നാലുമാസത്തിൽ ഒരിക്കൽ കമ്മിറ്റികൂടി സെന്ററിന്റെ പ്രവർത്തനം വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

20 (1749) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999ൽ പുതിയതായി ഐ.സി.ഡി.എസ്. പ്രോജക്ടുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ബ്ലോക്കുകളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. 1999-2000-ാം മാണ്ടിൽ ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ 20 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

21 (1750) സംസ്ഥാന വനിതാ ക്ഷേമ ബോർഡിനുള്ള സഹായം

ശ്രീമതി റോസമ്മ ചാക്കോ :

ശ്രിമതി ശോഭനാ ജോർജ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡിനെ സഹായിക്കുന്നതിന് ഭരണപരമായും മറ്റു വിധത്തിലുള്ള എത്ര ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ഗ്രേഡും പദവിയും എന്തെന്ന് അറിയിക്കുമോ;

(സി) ഈ ബോർഡ് ആവശ്യപ്പെട്ട സഹായങ്ങൾ ഗവൺമെന്റിന്റെ മറ്റ് വകുപ്പുകളിൽ നിന്നും കിട്ടാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) മുതൽ (സി) വരെ

വനിതാക്ഷേമം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. കേരള വനിതാ കമ്മിഷൻ.
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്.

കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡ് എന്നൊരു സ്ഥാപനം ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

22 (1751) സംസ്ഥാന വനിതാ ക്ഷേമബോർഡിന് ലഭിച്ച പരാതികൾ

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ ക്ഷേമബോർഡിൽ ഇതുവരെ സ്ത്രീകളുടെ പ്രശ്നം സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ട്;

(ബി) ഇതിൽ ഭർത്താവ് ഉപേക്ഷിച്ചു പോവുക, ബലാൽസംഗം, ക്രൂരകൃത്യം, വിവാഹിതയാകാതെയുള്ള ഗർഭധാരണം, പോലീസുകാരുടെ ഉപദ്രവം, ജീവസന്ധാരണത്തിനുള്ള തൊഴിൽ എന്നിവ സംബന്ധിച്ച എത്ര പരാതികളും അപേക്ഷകളും കിട്ടിയിട്ടുണ്ട്;

(സി) ഈ ഓരോ ഗണത്തിലുംപെട്ട എത്ര അപേക്ഷകളിന്മേലും പരാതികളിന്മേലും തീരുമാനമെടുത്തു;

(ഡി) ഇതിൽ എത്ര തീരുമാനങ്ങൾ നടപ്പിലാക്കി?

ഉത്തരം

(എ)-(ഡി) വനിതാക്ഷേമം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരള വനിതാ കമ്മീഷൻ.
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.
3. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്.

കേരള സംസ്ഥാന വനിതാ ക്ഷേമബോർഡ് എന്നൊരു സ്ഥാപനം ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

23 (1752) അംഗൻവാടികളിലെ ജീവനക്കാർ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടേയും ബാലവാടികളുടേയും പ്രവർത്തനം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly